സഹകരണ മേഖലയുടെ പൊതുവിപണി ഇടപെടൽ

9 (*489) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖല പൊതുവിപണിയിൽ ക്രിയാത്മകമായി ഇടപെടുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(സി) സഹകരണ പ്രസ്ഥാനങ്ങൾ നിഷ്ക്രിയമാകുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) സഹകരണ പ്രസ്ഥാനങ്ങൾ പൊതുവിപണിയിൽ ഇടപെട്ട് ഗുണമേന്മയുള്ള സാധനങ്ങൾ വിലകുറച്ച് ആവശ്യക്കാർക്ക് എത്തിക്കാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വിലവർദ്ധനവിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ അവശ്യസാധനങ്ങൾക്ക് പ്രത്യേകം വിലക്കിഴിവ് നല്കി സാധനങ്ങൾ ലഭ്യമാക്കി പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബാധകമല്ല.

(സി) സഹകരണ കൺസ്യൂമർ മേഖല നിഷ്ക്രിയമാകുന്നു എന്ന ആക്ഷേപം വസ്തുനിഷ്ഠമല്ല. സാമ്പത്തിക പരിമിതികൾ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെങ്കിലും സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സഹകരണ സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിലൂടെ, പൊതുവിപണിയിൽ നിന്നും 5% വരെ കുറഞ്ഞ നിരക്കിൽ 6 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങളും, ഉൽസവകാലങ്ങളിൽ സംഘടിപ്പിക്കുന്ന സബ്സിഡി വിപണന മേളകളിലൂടെ സർക്കാർ സബ്സിഡിയോടെ 13 ഇനം നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തുവരുന്നു. കൂടാതെ, ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ എന്നിവയിലൂടെ സാധാരണക്കാർക്ക് ലഭ്യമാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ കൺസ്യൂമർ മേഖല നിരവധി സാമ്പത്തിക പരിമിതികൾ ക്കിടയിലും പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ എത്തിച്ച് വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക മാന്ദ്യംമൂലം ചില അവശ്യസാധനങ്ങൾ ആവശ്യമായ അളവിൽ ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ ടി ന്യൂനത പരിഹരിക്കുന്നതിനായി സർക്കാർ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

യുവജന പ്രോത്സാഹന പദ്ധതി

10 (*490) ശ്രീ. കെ. എസ്. ശബരിനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഷ്യൂബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കലാകായിക, സാമൂഹിക,മാധ്യമ രംഗങ്ങളിൽ മികച്ച പ്രവർത്തനം നടത്തുന്ന യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഷ്യൂബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമബോർഡ് 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം എന്ന പേരിൽ യുവ പ്രതിഭകൾക്ക് അവാർഡ് നൽകിവരുന്നു. കല, കായികം, സാമൂഹികപ്രവർത്തനം, മാധ്യമ പ്രവർത്തനം, സാഹിത്യം, സംരംഭകത്വം, കൃഷി എന്നീ 7 മേഖലയിൽ മികവ് തെളിയിച്ച 7 വ്യക്തികൾക്ക് പുരസ്കാരം നൽകിവരുന്നു. കൂടാതെ കലാകായിക മേഖലയിൽ കഴിവ് തെളിയിക്കുന്നതിനായി ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാന തലം വരെ കേരളോത്സവം, യുവ നേതൃത്വ പരിശീലന ക്യാമ്പുകൾ, യുവ മാധ്യമ പ്രവർത്തന ക്യാമ്പുകൾ, കൂടാതെ ചലച്ചിത്ര ശില്പശാല, വനിതാ ശില്പശാല, കാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly